2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ആകർഷകമാക്കാൻ സ്വീകരിച്ച നടപടികൾ

6(*38) ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. സൈമൺ ബ്രിട്ടോ നഥ്രിഗ്സ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ വർഷത്തെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ വിപുലവും ആകർഷകവുമായി നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എത്ര വ്യാപാര സ്ഥാപനങ്ങൾ ഫെസ്റ്റിവൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഫെസ്റ്റിവലിൽ എത്ര കോടി രൂപയുടെ വ്യാപാരമാണ് പ്രതീക്ഷിക്കുന്നത്;

(ഡി) സമ്മാന പദ്ധതികൾക്കായി എത്ര കോടി രൂപ ചെലവാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) ഫെസ്റ്റിവലിൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(എഫ്) എതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഫെസ്റ്റിവൽ സംഘടിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) ഈ വർഷത്തെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ 101 കിലോ സ്വർണ്ണമാണ് സമ്മാനമായി പ്രഖ്യാപിച്ചിട്ടുള്ളത്. ഫെസ്റ്റിവലിന് വിപുലമായ രീതിയിലുള്ള പരസ്യ പ്രചരണങ്ങൾ കേരളത്തിനകത്തും പുറത്തും നൽകി വരുന്നുണ്ട്. ഏകദേശം 15 കോടി രൂപയുടെ പരസ്യ പദ്ധതിയാണ് ആവിഷ്കരിച്ചിരുന്നത്. കേരളത്തിന് പുറത്തുനിന്നുള്ള ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി വാറ്റ് റീഫണ്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷവും ഫെഡറൽ ബാങ്കാണ് ഫെസ്റ്റിവലിന്റെ ടൈറ്റിൽ സ്പോൺസർ ആയിട്ടുള്ളത്. സമാപന സമ്മേളനത്തിലും ആറ് ആഴ്ചകളിലായി നറുക്കെടുപ്പിനോടനുബന്ധിച്ചും സംഘടിപ്പിക്കുന്ന കലാവിരുന്നുകളിൽ ചലച്ചിത്ര മേഖലയിൽനിന്ന് ഉൾപ്പെടെയുള്ള പ്രമുഖ കലാകാരന്മാരെ പങ്കെടുപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിന് പുറമെ, ഫെസ്റ്റിവലിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ പ്രത്യേക റോഡ് ഷോയും നടന്നുവരുന്നുണ്ട്.

(ബി) ഈ വർഷത്തെ ഫെസ്റ്റിവലിൽ ഇതുവരെ 6183 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 10% അധിക തുക നൽകി തുടർന്നും സ്ഥാപനങ്ങൾക്ക് രജിസ്റ്റർ ചെയ്യാനുള്ള അവസരവും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞവർഷം ഏതാണ്ട് 2200 കോടി രൂപയുടെ അധിക വിൽപ്പന ഉണ്ടായിട്ടുണ്ട്. ഈ വർഷം 3000 കോടി രൂപയുടെ അധിക വിൽപ്പന പ്രതീക്ഷിക്കുന്നുണ്ട്.

(ഡി) ഏകദേശം 23 കോടി രൂപയുടെ സമ്മാന പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ 19 കോടി രൂപ സ്വർണ്ണ സമ്മാനങ്ങൾക്കും 4 കോടി രൂപ കൈത്തറി ഉൽപ്പന്നങ്ങൾ, കശുവണ്ടി ഉൽപ്പന്നങ്ങൾ തുടങ്ങിയ സ്ക്രാച്ച് ആന്റ് വിൻ സമ്മാനങ്ങൾ നൽകുന്നതിനും വേണ്ടിയാണ് ചെലവഴിക്കുന്നത്.

(ഇ) വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ഈ വർഷത്തെ ഫെസ്റ്റിവലിന്റെ പ്രചരണം കൂടുതൽ വിപുലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അന്യഭാഷ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചാരണത്തിന് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. കൂടാതെ ഇന്റർനെറ്റിലൂടെയും പ്രചരണം നൽകിവരുന്നുണ്ട്. കേരളത്തിന് പുറത്ത് പരസ്യം നൽകുന്ന വ്യാപാര സ്ഥാപനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി ചെലവാകുന്ന തുകയുടെ ഒരു ഭാഗം തിരികെ നൽകുന്നുണ്ട്. കേരളത്തിന് പുറത്തുനിന്ന് എത്തുന്നവർക്ക് ഫെസ്റ്റിവലിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽനിന്നും പർച്ചേസ് നടത്തുമ്പോൾ നൽകേണ്ടിവരുന്ന വാറ്റ് നികുതി തിരികെ നൽകുന്ന ഒരു പദ്ധതിയും ഈ വർഷം ആവിഷ്കരിച്ചിട്ടുണ്ട്. ജെറ്റ് എയർവേയ്സിന്റെ സഹകരണത്തോടെ വിമാന യാത്രാ ടിക്കറ്റുകൾ സമ്മാന ഇനത്തിൽ നൽകുന്നുണ്ട്.

(എഫ്) വ്യവസായ വാണിജ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, നികുതി വകുപ്പ്, സിവിൽസപ്ലൈസ് വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ടൂറിസം വകുപ്പാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

7(*37) ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ വർഷം ഇതുവരെ സംസ്ഥാനത്ത് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ ഈ വർഷം ഇതുവരെ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു; എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു;

(സി) തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ തുക യഥാസമയം കേന്ദ്രത്തിൽ നിന്നും ലഭിക്കാതിരിക്കുന്നുണ്ടോ;

(ഡി) ഈ തുക യഥാസമയം നേടിയെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly